JD]

## വനിത ശിശുവികസന ഡയറക്ടറുടെ നടപടി ക്രമങ്ങൾ
## (ഹാജർ : ടി.വി. അനുപമ IAS)

വിഷയം: വനിത ശിശുവികസന വകുപ്പ്- സൈക്കോ സോഷ്യൽ പദ്ധതി അഡോളസെന്റ് ക്ലബ് പുനരുജ്ജീവനം- 'വർണ്ണക്കൂട്ടി'ലെ അംഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സ് നൽകുന്നത് - ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം: 1) സ.ഉ,(സാധാ) നം. 103/2022 /വശിവിവ, തീയതി : 02/03/2022
2) വനിത ശിശു വികസന ഡയറക്ടറുടെ 04.03.2022 തീയതിയിലെ ഇതേ നം. ഉത്തരവ്
3) വനിത ശിശു വികസന ഡയറക്ടറുടെ 11.03.2022 തീയതിയിലെ ഇതേ നം. ഉത്തരവ്

**ഉത്തരവ് നമ്പർ ICDS/A6/2632/2022 തീയതി : 23.03.2022**

അങ്കണവാടികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കുമാരിക്ലബ്ബുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വനിതാശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 33,115 അങ്കണവാടികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളിലെ (വർണ്ണക്കൂട്ടിലെ) അംഗങ്ങൾക്ക് കാലികപ്രാധാന്യമുള്ള വിഷയങ്ങളിൽ റിസോഴ്സ് പെഴ്സൻസ് നെ ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസ്സ് നല്കുന്നതിലെയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതിയും ഫണ്ടും അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുവാൻ, പരാമർശം (2) പ്രകാരം നിർദേശം നൽകിയിരുന്നു. അതുപ്രകാരം വർണക്കൂട്ടിലെ അംഗങ്ങൾക്ക് പരാമർശം (2) പ്രകാരം നൽകിയിട്ടുള്ള വിഷയങ്ങളിൽ റിസോഴ്സ് പേഴ്സൻസിനെ ഉപയോഗിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിലെയ്ക്ക് ജില്ല വനിതാ ശിശുവികസന ഓഫീസർമാർക്ക് തുക അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

എന്നാൽ തുക അനുവദിച്ച് ഉത്തരവായിട്ടുള്ള ശീർഷകത്തിൽ (2235-02-102-56(P)) ഫണ്ട് അപര്യാപ്തമായതിനാൽ നിലവിൽ മുഴുവൻ ജില്ലകൾക്കും സൂചന (3) പ്രകാരം അനുവദിച്ചിട്ടുള്ള തുക അല്ലോട്ട് ചെയ്യാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതിനാൽ ലഭ്യമായ തുക ചുവടെ ചേർക്കുന്ന ജില്ലകൾക്ക് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നം. | ജില്ല | ICDS പ്രോജെക്റ്റുകളുടെ എണ്ണം | അങ്കണവാടികളുടെ എണ്ണം | ഒരു അങ്കണവാടിയ്ക്ക് അനുവദിക്കുന്ന തുക (Rs) | അനുവദിക്കുന്ന തുക (Rs) |
|---|---|---|---|---|---|
| 1 | പത്തനംതിട്ട | 12 | 1389 | 500 | 6,94,500/- |
| 2 | ആലപ്പുഴ | 15 | 2150 | 500 | 10,75,000/- |
| 3 | ഇടുക്കി | 13 | 1561 | 500 | 7,80,500/- |

JD]

| | | | | | |
|---|---|---|---|---|---|
| 4 | എറണാകുളം | 23 | 2858 | 500 | 14,29,000/- |
| 5 | പാലക്കാട് | 21 | 2835 | 500 | 14,17,500/- |
| 6 | മലപ്പുറം | 29 | 3808 | 500 | 19,04,000/- |
| 7 | കോഴിക്കോട് | 21 | 2938 | 500 | 14,69,000/- |
| 8 | വയനാട് | 8 | 874 | 500 | 4,37,000/- |
| 9 | കണ്ണൂർ | 21 | 2504 | 500 | 12,52,000/- |
| 10 | കാസർഗോഡ് | 12 | 1348 | 500 | 6,74,000/- |
| | ആകെ | 175 | 22,265 | 500 | 1,11,32,500/- |

തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ ജില്ലകൾക്ക് ആവശ്യമായ തുക അടുത്ത സാമ്പത്തിക വർഷം സർക്കാർ അനുമതി ലഭ്യമാക്കി അനുവദിക്കുന്നതാണ് എന്നറിയിക്കുന്നു.

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ടി തുക ഓരോ ICDS കളിലെയും അങ്കണവാടികളുടെ എണ്ണത്തിന് ആനുപാതികമായി അതാത് ശിശുവികസന പദ്ധതി ഓഫീസർമാർക്ക് ഉത്തരവ് സഹിതം കൈമാറേണ്ടതും, ശിശുവികസന പദ്ധതി ഓഫീസർമാർ ടി തുക ബോധവൽക്കരണ ക്ലാസുകൾ നയിച്ച റിസോഴ്സ് പേഴ്സൻസിന് അനുവദിച്ച് നൽകേണ്ടതുമാണ്.

തുക ചെലവഴിച്ചത് സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം CDPO മാർ ജില്ല വനിതാ ശിശുവികസന ഓഫീസർമാർക്ക് നൽകേണ്ടതും, ജില്ല വനിതാ ശിശുവികസന ഓഫീസർമാർ ആയതു ക്രോഡീകരിച്ച് സമയബന്ധിതമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ഇതിനാവശ്യമായ ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-56(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഒപ്പ്)

**വനിത ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫിസർമാർക്കും

പകർപ്പ്

1)എല്ലാ ജില്ലാ പ്രോഗ്രാം ഓഫിസർമാർക്കും

2)എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

4) സ്റ്റോക്ക് ഫയൽ/ സ്പെയർ

ഉത്തരവിൻ പ്രകാരം

Sonda

സൂപ്രണ്ട്